# അധോചരിത്രത്തിന്റെ ഭാവലോകങ്ങൾ

അജീഷ് ജി ദത്തൻ

*"Why write novels? Rewrite history. The history that then comes true"*

*(Umberto eco)*

നോവൽ സാംസ്കാരികചരിത്രമാണെന്ന നിരീക്ഷണം ആധുനികാനന്തരഭാവനാപരിസരത്തിലാണ് കൂടുതൽ ദൃഢമാകുന്നത്. ലോകമെങ്ങുമുള്ള നോവലുകളുടെ പൊതുരീതിയായി ചരിത്രത്തിന്റെ ജനപ്രിയവൽക്കരണത്തെ കാണാം. ചരിത്രം എന്ന ജ്ഞാന വിഷയത്തിന്റെ അക്കാഡമികമായ ചട്ടക്കൂടുകൾ തകർന്നു പോകുകയും നോവലും ചരിത്രവും തമ്മിലുള്ള അതിർവരമ്പ് ദുർബലപ്പെടുകയും ചെയ്തു. ആധുനികാനന്തര നോവലുകളുടെ പൊതുവായ രചനാപദ്ധതിയെന്ന നിലയിൽ ചരിത്രത്തിന്റെ പാഠങ്ങളെ ജനകീയവും ജനപ്രിയവുമാക്കുന്ന രീതി ഇപ്പോൾ അതിശക്തമായ ധാരയാണ്. മാർക്കേസും ഉംബർട്ടോ എക്കോയും പാമുക്കും റുഷ്ദിയും കുന്ദേരയും ഡാൻ ബ്രൗണമൊക്കെ സ്വീകരിക്കുന്ന രചനാപദ്ധതിയെന്ന നിലയിൽ മലയാളത്തിന്റെ പുതുനോവൽ പരിസരത്തും ഇതിന്റെ തുടർച്ചകളുണ്ടാകുന്നു. ഹെയ്ഡൻ വൈറ്റ് ചരിത്രത്തെ യഥാർത്ഥ നോവൽ(true novel) എന്നു വിളിച്ചതുപോലെ (25:2003) ചരിത്രത്തെ എഴുതുകയല്ല, ചരിത്രം തന്നെ എഴുതുകയാണ് ഈ നോവലുകൾ ചെയ്യുന്നത്. അതികഥ, ഹിസ്റ്റോറിയോഗ്രാഫിക് മെറ്റാ ഫിക്ഷൻ, പാസ്റ്റിഷ്, മിശ്രരചന, ഹൈപ്പർ റിയാലിറ്റി, ഇന്റർടെക്സ്ച്വാലിറ്റി, വ്യാജചരിത്രങ്ങൾ തുടങ്ങിയ ആധുനികാനന്തര

നോവൽ ആഖ്യാനത്തിന്റെ രീതിപദ്ധതികളുമായി ഇവ ചേർന്നു നിൽക്കുകയും ചെയ്യുന്നു.

ലോകനോവലിന്റെ ആഖ്യാനകലയിൽ എന്ന പോലെ മലയാള നോവലുകളുടെ ആഖ്യാനകലയിലും ചരിത്രത്തിന്റെ ഈ ജനപ്രിയ പാഠരൂപങ്ങളും പുതിയ അധോചരിതങ്ങളും രൂപമെടുക്കുന്നു. ചരിത്രത്തെ നോവലിൽ അവതരിപ്പിക്കുന്ന വ്യത്യസ്ത രീതിപദ്ധതികളെന്ന നിലയിലും പ്രാദേശിക മിത്തുകളെയും ചരിത്രത്തെയും ചേർത്തുവെച്ചു കൊണ്ട് രൂപപ്പെടുത്തുന്ന ആഖ്യാനമെന്ന നിലയിലും ഇവയെ പരിശോധിക്കേണ്ടതുണ്ട്. ക്രൈസ്തവ സഭയുടെ അധോചരിതങ്ങൾ, മിത്തും ഭൂതകാലവും വർത്തമാനവും കൂടിക്കുഴയുന്ന ആഖ്യാനങ്ങൾ, നാട്ടു/പ്രാദേശിക ചരിത്രങ്ങൾ, കപട ചരിത്രങ്ങൾ, ചരിത്രത്തിന്റെ ജനപ്രിയമായ പാഠരൂപീകരണം, കീഴാള ചരിത്രങ്ങൾ, വ്യാജപദ്ധതികളുടെയും ചിഹ്നങ്ങളുടെയും രൂപപ്പെടൽ തുടങ്ങി മലയാള നോവൽ കലയിൽ സാധ്യമായ അധോചരിത്ര നിർമ്മിതികളുടെ വഴികളാണിവ. ആധുനികാനന്തര നോവലിന്റെ ഏറ്റവും ജനപ്രിയമായ ഭാവന എന്ന നിലയിൽ ഈ വഴിയെ സംബന്ധിച്ച ആലോചനകൾക്ക് സാംഗത്യമേറുന്നു. നിരവധി എഴുത്തുകാർ ഈ വഴി സ്വീകരിക്കുന്നവരാണെങ്കിലും അധോചരിതങ്ങളെയും നീചവേദങ്ങളെയും തങ്ങളുടെ ആഖ്യാന കലയുടെ ഏറ്റവും മുഖ്യമായ വഴിയായി തെരഞ്ഞെടുത്ത രചയിതാക്കൾ ടി ഡി രാമകൃഷ്ണനും പി എഫ് മാത്യൂസുമാണ്. ഇവരുടെ നോവലുകളെ ചേർത്തുവെച്ചു കൊണ്ട് ഈ ഭാവപദ്ധതിയെ പരിചയപ്പെടുത്താനാണ് പ്രബന്ധം ശ്രമിക്കുന്നത്.

**ഒന്ന്**

ആധുനികതയ്ക്കു ശേഷം വരുന്ന മലയാള നോവലുകൾ ഭിന്നരീതികളിൽ ചരിത്രത്തെ അഭിമുഖീകരിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. പഴയ മട്ടിലുള്ള

ചരിത്ര നോവലുകളിൽ നിന്ന് വ്യത്യസ്തമായി ചരിത്രത്തെ ഭാവനാത്മകമായി പുനർവ്യാഖ്യാനിക്കാനും ചിലപ്പോൾ ഭാവനാ ചരിത്രങ്ങൾ സ്വയം നിർമ്മിക്കാനും അവ ശ്രമിക്കുന്നു. ചരിത്രാഖ്യാനത്തിലെ രേഖീയതയെ അവ തിരസ്കരിക്കുകയും ആധുനികാനന്തര ആഖ്യാന കലയുടെ രീതിപദ്ധതികളെ സ്വീകരിക്കുകയും ചെയ്യുന്നു. ടി ഡി രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കോര എന്ന നോവൽ മുകളിൽ സൂചിപ്പിച്ച ജനപ്രിയ ഭാവചരിത്രത്തെ സമർത്ഥമായി ദൃശ്യപ്പെടുത്തുന്ന പാഠങ്ങളിലൊന്നാണ്. ഇട്ടിക്കോര സൃഷ്ടിക്കുന്ന കപട/അധോചരിത്ര നിർമ്മിതി ലോക നോവലിന്റെ ആഖ്യാന കലയുടെ തുടർച്ചയിൽ തന്നെ വായിക്കാവുന്നതാണ്. ഡാൻ ബ്രൗണിന്റെയും എക്കോയുടെയും മധ്യകാല മതവിചാരണാ നോവലുകളുമായി ഇട്ടിക്കോരയ്ക്കുള്ള സാമ്യം ഷാജിജേക്കബ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്(142:2013). ആധുനികാന്തര മലയാള നോവലുകളുടെ ബഹുസ്വരാത്മകമായ പാഠ-വ്യാഖ്യാന സാധ്യതകളാണ് ഇട്ടിക്കോര തുറന്നിടുന്നത്.

പതിനെട്ടാംകൂറ്റുകാരുടെ കഥ പറയുന്നതിലൂടെ ഈ അധോചരിത നിർമ്മിതിക്ക് രാമകൃഷ്ണൻ തുടക്കമിടുന്നു. നിശ്ചയമായും അക്കാദമിക-ദേശീയ-മുഖ്യധാരാ ചരിത്രവ്യവഹാരത്തിന് വെളിയിലുള്ള മണ്ഡലമാണിത്. ഇട്ടിക്കോരയുടെ പുരാണം രൂപപ്പെടുത്തുക എന്നതാണ് അതിൽ ഏറ്റവും പ്രധാനം. ജൂതപാരമ്പര്യമുള്ള കേരളീയന് ഗ്രീക്കുകാരിയിലുണ്ടായ മകനാണ് ഫ്രാൻസിസ് ഇട്ടിക്കോര. 1456- ലാണ് ജനനം. 1471-74 കാലത്ത് ഈജിപ്റ്റിലെ അലക്സാന്ദ്രിയയിലും മലീയിലെ തിംബിക്ത്തുവിലുമുള്ള രഹസ്യ ഹൈപ്പേഷ്യൻ സ്കൂളുകളിൽ നിന്ന് ജ്യോതിശാസ്ത്രവും ഗണിതവും പഠിച്ചു. പതിനാലും പതിനഞ്ചും നൂറ്റാണ്ടുകളിൽ കേരളീയ ഗണിതത്തിന്റെ നേട്ടങ്ങൾ ഇട്ടിക്കോര വഴിയാണ് യൂറോപ്പിലെത്തുന്നത്. വാസ്കോ ഡി ഗാമയുടെ വരവിന് മുന്നേ തന്നെ യൂറോപ്പിലേക്ക് കുരുമുളക് കയറ്റിയയച്ച കച്ചവട കുത്തക

നേടിയിരുന്നു ഇട്ടിക്കോര. ഗാമയുടെ വരവിന് ശേഷം വ്യാപാരം തകർന്ന ഇട്ടിക്കോര ഫ്ലോറൻസിൽ താമസിച്ച് രാഷ്ട്രീയ സ്വാധീനം ഉറപ്പിക്കുന്നു. കത്തോലിക്കാ സഭയുടെ ശത്രുവായിരുന്നു ഇട്ടിക്കോര. ദൈവത്തിന് പകരം സാത്താന്റെ സുവിശേഷം ഓതി അയാൾ. പതിനെട്ട് നാട്ടുകളിലെ പതിനെട്ട് സ്ത്രീകളിലായി എഴുപത്തൊമ്പത് മക്കളെ സൃഷ്ടിച്ച അയാൾ തന്റെ വംശത്തെ ലോകമെമ്പാടും പടർത്തി. മരണത്തിന് ശേഷം പതിനെട്ടാം കൂറ്റുകാരുടെ ദൈവമായി അയാൾ മാറി. കന്യകമാരെ ആദ്യം കോരപ്പാപ്പന് കൊടുക്കുന്ന ചടങ്ങുണ്ട്. കോരപ്പാപ്പന്റെ സുവിശേഷം അനന്തര തലമുറയുടെ വേദവാക്യമാകുന്നു. പല നാട്ടുകളിൽ പല ചരിത്ര സന്ദർഭങ്ങളിൽ അയാളുടെ ഇടപെടലുകളുണ്ട്. യൂറോപ്യൻ നവോത്ഥാനത്തിലും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ഉയർച്ചയിലും അയാളെ ഒരുപോലെ കാണാം. വൈജ്ഞാനിക മണ്ഡലത്തിൽ അയാൾ നിർണ്ണായകമായ ഇടപെടലുകൾ നടത്തുന്നു. ലോകത്തിലെ മിക്ക സംഭവങ്ങളുടെ പിന്നിലും ഇട്ടിക്കോരയുടെയും അയാളുടെ വംശപരമ്പരകളുടെയും ഇടപെടലുകളുണ്ട്. വ്യവസ്ഥാപിത മായ ചരിത്രത്തിന് പിന്നിൽ നിഗൂഢവും അദൃശ്യവുമായി നിൽക്കുന്ന അധോചരിതമാണ് ഇട്ടിക്കോര. ലോകമാകെ അതിർത്തി ലംഘിച്ച് വ്യാപിച്ചു കിടക്കുന്ന ഈ അധോലോകം ഒരു ബദൽ സാമൂഹ്യക്രമം തന്നെ നിലവിൽ കൊണ്ടുവരുന്നു. സമാന്തര ഭരണകൂടവും സമ്പദ് വ്യവസ്ഥയും വ്യാപാരവും വിജ്ഞാനവും ജീവിതരീതിയുമെല്ലാമായി ഇത് മാറിത്തിരുന്നു. നിഗൂഢരായി തുടരുന്ന പതിനെട്ടാം കൂറ്റുകാർ കത്തോലിക്കാ സഭയുടെ വ്യവസ്ഥാപിത- സദാചാര- മത വിജ്ഞാന -ആചാരഘടനയ്ക്ക് ബദലായി തമസ്സിന്റെയും ആഭിചാരത്തിന്റെയും ആഘോഷത്തിന്റെയും സ്വതന്ത്ര ശരീരങ്ങളുടെയും ലോകം സൃഷ്ടിക്കുന്നു.

ഇട്ടിക്കോരയുടെ അധോചരിത്ര നിർമ്മിതിക്കായി പടിയോലകൾ മുതൽ സൈബർ സാങ്കേതികത വരെ നോവലിസ്റ്റ് പിന്തുടരുന്നു. പടിയോലകൾ

വഴി രൂപപ്പെടുത്തുന്ന മധ്യകേരളത്തിലെ ക്രൈസ്തവ സംസ്കാരത്തിലാണ് കുന്നംകുളത്തിന്റെ അധോചരിതം അദ്ദേഹം മിനഞ്ഞെടുക്കുന്നത്. പതിനെട്ടാം കൂറ്റുകാരുടെയും ആർത്താറ്റ് പള്ളിയുടെയും ചരിത്രം കൂടിയായി ഈ ആഖ്യാനം മാറിത്തീരുന്നു. പതിനാല് മുതൽ ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭം വരെയുള്ള  നിഗൂഢമായ ആചാര വിശ്വാസങ്ങളുടെയും വാണിജ്യ സമ്പദ് വ്യവസ്ഥയുടെയും സമാന്തര ഭൂമിശാസ്ത്രങ്ങൾ കൂടിയാണിത്. ക്രിസ്തു ജനിച്ച ദിവസം തന്നെ ജനിച്ച ഇട്ടിക്കോര ക്രൈസ്തവ സഭയുടെ നിയമങ്ങൾക്കല്ല പക്ഷെ വില കല്പിച്ചത്. സ്വന്തം സമ്പത്തിനുമേൽ സ്വന്തം നിയമങ്ങളും അധികാര ക്രമങ്ങളും വൈജ്ഞാനിക മേൽക്കോയ്മയും കെട്ടിയുയർത്തി ഇട്ടിക്കോര നീചവേദങ്ങളുടെയും തമശക്തികളുടെയും അധിപൻ കൂടിയായി മാറുന്നു. ഇട്ടിക്കോര കടൽ കടന്ന് നടത്തിയ അശ്വമേധങ്ങൾ വ്യവസ്ഥാപിത ചരിത്രങ്ങൾക്ക് പുറത്താണ്. നോവലിൽ നാം ഈ വിവരങ്ങൾ അറിയുന്നത് നിഗൂഢമായ ഒരു പുസ്തകത്തിൽ നിന്നാണ്. ഇവിടെ പുസ്തകത്തെ ആഖ്യാനത്തിന്റെ ഉപകരണമായി നോവലിസ്റ്റ് സ്വീകരിക്കുന്നു. 'നക്ഷത്രക്കോര അഥവാ ഇട്ടിക്കോര എന്ന നാവികൻ' എന്ന പേരിൽ 1930-കളിൽ ഇട്ടിക്കോരയുടെ രഹസ്യങ്ങൾ പുറംലോകത്ത് എത്തിക്കാൻ ശ്രമിച്ച കെ. പൊറിഞ്ചു എന്ന ചരിത്രഗവേഷകൻ പുസ്തകം അച്ചടിച്ച ദിവസം തന്നെ കൊല്ലപ്പെടുന്നു. ആ പുസ്തകത്തിന്റെ മുഴുവൻ കോപ്പികളും നശിപ്പിച്ചാണ് കൊലയാളികൾ പോകുന്നത്. പ്രൂഫ് നോക്കാൻ സൂക്ഷിച്ച ഒരു കോപ്പി മാത്രമാണ് പൊറിഞ്ചുവിന്റെ വീട്ടുകാർക്ക് ലഭിക്കുന്നത്. ആ പുസ്തകം പിന്നീട് 'ദ സ്കൂളി'ന്റെ  നടത്തിപ്പുകാരിയായ രേഖയുടെ അന്വേഷണത്തിൽ ലഭ്യമാകുന്നു. ഇതിൽ നിന്നാണ് കോരയുടെ പഴയ ചരിത്രങ്ങൾ മുഴുവൻ പുറത്തെത്തുന്നത്. നോവൽ മുന്നോട്ട് വെയ്ക്കുന്ന അനേകം വ്യാജരേഖകളിൽ പ്രധാനപ്പെട്ട ഒന്നാണീ പുസ്തകം. ഇട്ടിക്കോരയുടെ വ്യക്തി ചിത്രത്തിനൊപ്പം കുന്നംകുളത്തിന്റെ

വാണിജ്യ സംസ്കാരത്തെ മധ്യകാല ക്രൈസ്തവ ചരിത്രത്തിൽ നിന്ന് കുഴിച്ചെടുത്ത് ഭാവനാചരിത്രം നിർമ്മിക്കുന്നതിൽ രാമകൃഷ്ണൻ വിജയിക്കുന്നു.

കേരളീയ ഗണിതശാസ്ത്ര പാരമ്പര്യത്തിന്റെയും മധ്യകാല ഹൈപ്പേഷ്യൻ ഗണിതപാരമ്പര്യത്തിന്റെയും കലർത്തലാണ് ഇട്ടിക്കോരയിൽ സ്വീകരിക്കുന്ന മൗലികമായ മറ്റൊരുവഴി. ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഗൂഢപാരമ്പര്യമാണ് ഈ നോവലിന്റെ നെടുംതൂൺ എന്നു പറയാം. ഗണിതത്തിന്റെ നവോത്ഥാനകാല രാഷ്ട്രീയ ചരിത്രത്തെ മതചരിത്രത്തോടാണ് നോവലിസ്റ്റ് കൂട്ടിയിണക്കുന്നത്. കത്തോലിക്കാ സഭയുടെ ശാസ്ത്രത്തോടുള്ള വിപ്രതിപത്തിയും അതിനെത്തുടർന്ന് വേട്ടയാടപ്പെടുന്ന ഹൈപ്പേഷ്യയുടെ ജീവിതവും വലിയ പ്രാധാന്യത്തോടെ നോവൽ അവതരിപ്പിക്കുന്നു. ഹൈപ്പേഷ്യയുടെ ഗണിത തത്വങ്ങൾ കുറിച്ച പാപ്പിറസ് ചുരുളുകളുമായി ലോകത്തിന്റെ പല ഭാഗങ്ങളിലേക്ക് പലായനം ചെയ്യുന്ന ശിഷ്യർ നിലനിർത്തുന്ന ഹൈപ്പേഷ്യൻ പാരമ്പര്യം, ഇട്ടിക്കോരയിലൂടെ ഇവിടുത്തെ ഗണിത പരമ്പര്യവുമായി ചേർന്ന് കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സിന് അടിത്തറയൊരുക്കുന്നു. ഹൈപ്പേഷ്യൻ/കോര സ്കൂളിന്റെ ഈ നൂറ്റാണ്ടിലും തുടർന്നു പോരുന്ന പാരമ്പര്യം ഗവേഷകയായ ഹാഷിമോട്ടോ മോറിഗാമിയിലൂടെ പുറത്തു വരുന്നു. കേരളത്തിന്റെ ഗണിതശാസ്ത്ര പാരമ്പര്യത്തിന് രൂപം കൊടുത്തതും ഹൈപ്പേഷ്യൻ പാരമ്പര്യത്തിന്റെ അടിസ്ഥാനസൂത്രങ്ങൾ ഇവിടെ പ്രചരിപ്പിച്ചതും ഇട്ടിക്കോരയാണെന്നു മോറിഗാമി കണ്ടെത്തുന്നുണ്ട്. 'ഫെർമാറ്റ് സിദ്ധാന്തം' എന്ന് പിൽക്കാലത്ത് വിളിക്കപ്പെട്ട ഗണിത തത്വങ്ങൾ ഫെർമാറ്റ് ജനിക്കുന്നതിനും മുന്നേ കോരാ സ്കൂളിൽ പഠിപ്പിച്ചിരുന്നുവെന്നും അവർ കണ്ടെത്തുന്നു.

ലോകമെങ്ങും കത്തോലിക്കാ സഭയ്ക്കെതിരെ നൂറ്റാണ്ടുകളായി രൂപപ്പെട്ടു വരുന്ന തീവ്രവിശ്വാസികളുടെ ഉപജാപങ്ങൾ ഭാവന ചെയ്യുന്നതിൽ

ഈ നോവൽ കൈവരിക്കുന്ന വിജയം എടുത്തു പറയണം. ഹൈപ്പേഷ്യയും ഇട്ടിക്കോരയും തുടർന്ന് വരുന്ന അവരുടെ അധോസംസ്കാരവും സഭയ്ക്ക് വെല്ലുവിളിയായിരുന്നു. ചരിത്രത്തിന്റെ ജനപ്രിയ അധോഭാവന എന്ന നിലയിൽ ഇട്ടിക്കോര ഏറെ മുന്നേറുന്നത് ഇവിടെയാണ്. ഡാവിഞ്ചി കോഡിനെ അനുസ്മരിപ്പിച്ചു കൊണ്ട് ലോകനോവലിന്റെ ജനപ്രിയ ഭാവനയിൽ ഇട്ടിക്കോര ഇടം നേടുന്നു. ലോകമെമ്പാടും പടർന്നു കിടക്കുന്ന ഒന്നായി ഈ അധോസംസ്കാരം വ്യാപിച്ചിരിക്കുന്നു. പരസ്പരം തിരിച്ചറിയാതെ തന്നെ അവർ തങ്ങളുടെ രഹസ്യ പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്യുന്നു. 'ജനപ്രിയ സാഹിത്യ ഭാവനയിലെ ഉപജാപ സിദ്ധാന്തങ്ങളാണ് ഫ്രാൻസിസ് ഇട്ടിക്കോരയിൽ ടി ഡി രാമകൃഷ്ണൻ പ്രയോഗിക്കുന്നതെന്നും എന്നാൽ ഡാവിഞ്ചി കോഡിൽ നിന്ന് വ്യത്യസ്തമായി ആഖ്യാനരീതിയിലും ചരിത്രഭാവനയിലും പുലർത്തുന്ന സവിശേഷമായ പാരനോയിയ ഇട്ടിക്കോരയെ മാറ്റിനിർത്തുന്നുവെന്നു'മുള്ള പി കെ രാജശേഖരന്റെ നിരീക്ഷണം ശ്രദ്ധേയമാണ് (പ്ലോട്ട്/പ്ലോട്ട്: ഇട്ടിക്കൊരയുടെ ഉപജാപകലോകങ്ങൾ/ മലയാളം റിസർച്ച് ജേർണൽ/ മെയ്-ആഗസ്റ്റ് 2013). പാരനോയിയ നിറഞ്ഞ സമകാല ലോകത്തിന്റെ ഉപജാപങ്ങളായി ഇട്ടിക്കോരയെ രാജശേഖരൻ വിലയിരുത്തുന്നു. ഇട്ടിക്കോരയുടെ കല, ആധുനികതയുടെ വ്യക്തി കേന്ദ്രിതമായ യുക്തിപാരമ്പര്യത്തെ തള്ളിക്കളഞ്ഞു കൊണ്ട് ആധുനികാനന്തര നോവലിന്റെ ആഖ്യാന തന്ത്രങ്ങളായ അതികഥയുടെയും മിശ്ര രചനാശൈലിയുടെയും വഴി സ്വീകരിക്കുന്നു. ഇട്ടിക്കോരയിലെ അധോചരിത്ര നിർമ്മിതിക്ക് നിരവധി വ്യാജരേഖകളുടെ പിൻബലം രാമകൃഷ്ണൻ കൊടുക്കുന്നുണ്ട്. യാഥാർത്ഥ്യം എന്ന് തോന്നുംവിധം സൃഷ്ടിക്കപ്പെടുന്ന ഭാവനാരേഖകളാണിവ. ഇവയുടെ എഴുത്തുകാരും സാങ്കൽപ്പികരാണ്. ഇസ്ബെല്ല സ്വാൻ എന്ന കഥാകൃത്തിന്റെ 'ദ ട്രൂ സ്റ്റോറി ഓഫ് ഹൈപ്പേഷ്യ' എന്ന ചെറുകഥ, മോറിഗാമി ബ്ലോഗിൽ എഴുതുന്ന

ഗണിത ലേഖനങ്ങൾ, നേരത്തെ സൂചിപ്പിച്ച പൊറിഞ്ചുവിന്റെ നക്ഷത്രക്കോര, സേവ്യർ കോരയുടെ രേഖകളിൽ നിന്ന് അലോക് ചന്ദ്ര ചാറ്റർജി പരിഭാഷപ്പെടുത്തിയ ഇട്ടിക്കോരയുടെ സുവിശേഷം, അടുപ്പൂട്ടി പടിയോല എന്ന 1500- മാണ്ടിലെ പുരാരേഖ തുടങ്ങിയ നിരവധി ഉദ്ദാഹരണങ്ങൾ നോവലിൽ കാണാം. പഴയ ചെമ്പുതകിടുകൾ മുതൽ ബ്ലോഗ് ഭാഷ വരെ സ്വീകരിച്ച് കൊണ്ട് രാമകൃഷ്ണൻ സൃഷ്ടിക്കുന്ന കലർപ്പുകൾ ഈ അധോചരിത്ര നിർമ്മിതിയിൽ ഏറ്റവും വിശ്വസനീയമായ പങ്ക് വഹിക്കുന്നു.

എല്ലാം അനുവദനീയമായ ആഗോള മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ ലോകമായി ഇട്ടിക്കോരയുടെ വ്യാവഹാരിക ലോകത്തെ വി. വിജയകുമാർ അവതരിപ്പിക്കുന്നുണ്ട്(75: 2019). ചരിത്രവും പുരാവൃത്തവും സാഹസികതയും അന്ധ വിശ്വാസവും ശാസ്ത്രജ്ഞാനവും കൂടിക്കലരുന്ന ലോകമാണിത്. ശരിയും തെറ്റും നന്മയും തിന്മയും യാഥാർത്ഥ്യവും അയഥാർത്ഥ്യവും സന്മാർഗ്ഗവും കുമാർഗ്ഗവും തിരിച്ചറിയാൻ സാധിക്കാത്ത അല്ലെങ്കിൽ തിരിച്ചറിയേണ്ടതില്ലാത്ത വർത്തമാന ആഘോഷങ്ങളുടെ ലോകമായി ഇട്ടിക്കോരയുടെ സുവിശേഷത്തെ വായിക്കാവുന്നതാണ്. നോവലിലെ കഥാപാത്രമായ രേഖ തന്നെ ഒരവസരത്തിൽ പറയുന്നത് നോക്കുക: "ഇട്ടിക്കോരയെക്കുറിച്ച് അന്വേഷിക്കുമ്പോൾ നമ്മൾ ചെന്നുമുട്ടുന്നത് വെറും ചരിത്രത്തിലേക്കല്ല, ശാസ്ത്രത്തിനോ യുക്തിക്കോ വിശദീകരിക്കാൻ കഴിയാത്ത ഒരു സമാന്തര സംസ്കാരത്തിലേക്കാണ്. ഒരു അണ്ടർഗ്രൗണ്ട് കൾച്ചർ, അതിന്റെ ഐക്കണാണ് ഇട്ടിക്കോര"- ഈ വാക്കുകൾ നോവൽ നിർമ്മിക്കുന്ന അധോചരിത്രത്തിന്റെ പ്രത്യക്ഷസൂചന തന്നെയാണ്.

**രണ്ട്**

ദൈവമുപേക്ഷിച്ച ലോകത്തിന്റെ ഇതിഹാസമാണ് നോവൽ(novel is the epic of the world forsaken by god) എന്ന് നിർവചിച്ചത് ജോർജ്ജ്

ലൂക്കാച്ചാണ്. ആ വിശേഷണം പി. എഫ് മാത്യൂസിന്റെ നോവലുകൾക്ക് ചെറിയ വ്യത്യാസത്തോടെ ചേരും. ദൈവമുപേക്ഷിച്ച പിശാചിന്റെ ലോകമാണ്; മരണത്തിന്റെ നീചവേദങ്ങളും അധോചരിത ഭാവനകളുമാണ് മാത്യൂസിന്റെ നോവലുകൾ. മാജിക്കൽ റിയലിസത്തിന്റെ തീരദേശ ഭ്രഭാവനയിൽ രൂപംകൊള്ളുന്ന ഈ നോവലുകൾ പ്രാദേശിക മിത്തുകളുടെ അപരലോകങ്ങൾ തുറന്നിടുന്നു. ഇരുട്ടിൽ ഒരു പുണ്യാളൻ എന്ന മാത്യൂസിന്റെ നോവൽ സാത്താൻ വിളയാട്ടം തന്നെയാണ്. ജീവിതത്തിനും മരണത്തിനുമപ്പുറത്ത് മനുഷ്യാസ്തിത്വത്തിന്റെ പര്യവേഷകനാകുന്ന ഈ എഴുത്തുകാരൻ. കൊച്ചിയുടെ തീരദേശ നഗരത്തിലെ ലോഡ്ജ് മുറിയിൽ താമസിച്ച കഥ എഴുതാൻ വരുന്ന എഴുത്തുകാരനിലൂടെ നോവൽ ആരംഭിക്കുന്നു. അന്നംകുട്ടി താത്തിയിലൂടെയും കാർമ്മലിയിലൂടെയും റോക്കിയച്ചനിലൂടെയും അൽവാരിസിലൂടെയും തുടരുന്ന കഥാഖ്യാനങ്ങൾ. ആത്മാക്കളും സാത്താനുമൊക്കെ ഈ ആഖ്യാനത്തിന്റെ ഭാഗമാകുന്നു. സാത്താന്റെ വചന പ്രഘോഷണം തന്നെയാകുന്ന ഒരു സന്ദർഭം നോക്കു: "ദൈവം അല്ലെങ്കിൽ രക്ഷകൻ എന്ന സങ്കല്പം മനുഷ്യർക്കിടയിൽ ചിലവാകണമെങ്കിൽ ദുർഘടങ്ങളിൽ അവനെ സഹായിക്കുന്ന അസാമാന്യമായ ശക്തി വിശേഷമാണതെന്ന് സ്ഥാപിക്കേണ്ടതുണ്ട്. അത് സ്ഥാപിക്കാൻ അത്ര തന്നെ അല്ലെങ്കിൽ അതിനേക്കാൾ ബലമുള്ള ഒരു ശത്രു അല്ലെങ്കിൽ വില്ലൻ ഉണ്ടായിരിക്കണമെന്നു മാത്രമല്ല അവനെ ഇടയ്ക്കിടയ്ക്ക് കീഴ്പ്പെടുത്തുകയും വേണം".

ഇരുട്ടിന്റെ പുസ്തകം തന്നെയാണിത്. കൊളോണിയൽ അധിനിവേശങ്ങളുടെ ചരിത്രം പേറുന്ന കൊച്ചിയുടെ അധോചരിത ഭാവന. എഴുത്തുകാരൻ താമസിക്കുന്ന ലോഡ്ജിലേക്ക് വലിയൊരു പെട്ടിയുമായി എത്തുന്ന മനുഷ്യൻ, അയാളുടെ പിറകേ മുറിയിൽ ഒരു കള്ളൻ കയറുന്നു.

എന്നാൽ കള്ളൻ റോഡിലേക്ക് തെറിച്ച് വീണ് അതിവേഗത്തിൽ വന്ന ലോറിക്കടിയിൽപ്പെട്ട് മരിക്കുന്നു. അവിടുന്നാണ് എഴുത്തുകാരന്റെ അന്വേഷണം ആരംഭിക്കുന്നത്. പെട്ടിയും അതുമായി വന്ന മനുഷ്യനും ദുരൂഹമായി അപ്രത്യക്ഷമാകുന്നു. അയാളെ തേടിപ്പോകുന്ന പൊലീസുകാർ കൊല്ലപ്പെടുന്നു. അവിടുന്ന് ആഖ്യാനം മുന്നോട്ട് പോകുന്നത് തീരദേശ ഗ്രാമത്തിലെ കഥാപാത്രങ്ങളിലൂടെയാണ്. സാത്താൻ പൂജ നടത്തുന്ന പാണ്ട്യാലക്കൽ അച്ചമ്പി, അയാളുടെ ഭാര്യ അന്നംകുട്ടി, അവരുടെ മകനായ സേവ്യർ-പുരോഹിതനാകാൻ പോയ സേവ്യർ സെമിനാരി ഉപേക്ഷിച്ച് കാർമ്മലിയെ വിവാഹം കഴിക്കുന്നു. അവരുടെ മകനായി ഇമ്മാനുവൽ എന്ന സാത്താൻ സന്തതി പിറക്കുന്നു. ലോകത്തിനും ദൈവത്തിനുമെതിരെ രൂപം കൊണ്ട സാത്താൻ ജന്മമായി പിറവിയിൽ തന്നെ ഇമ്മാനുവൽ മാറിത്തീരുന്നു. അവന്റെ രക്ഷയ്ക്കായി സാത്താൻ പറഞ്ഞു വിട്ട പോലെ ഗ്രാമത്തിലേക്ക് വരുന്ന കഥാപാത്രമാണ് ഡോ.അൽവാരിസ്. ഒരു സന്ദർഭത്തിൽ അയാൾ പറയുന്നുണ്ട്: "സ്വന്തം ശരീരത്തെ വെറുക്കാതിരിക്കാൻ മാത്രമല്ല, അതിന്റെ അപാരമായ സുഖസാധ്യതകൾ കണ്ടെടുക്കാനും കൂടി വേണ്ടിയാണ് ഞാൻ നിലകൊള്ളുന്നത്. സുഖാനുഭവങ്ങൾ പ്രദാനം ചെയ്യുന്ന ഒരു ശരീരം കൊടുത്തിട്ട് അതൊന്നും അനുഭവിക്കാൻ പാടില്ലെന്ന് പറയുന്ന ദൈവസങ്കൽപ്പം എത്ര പരിഹാസ്യമാണ്. വിലക്കപ്പെട്ട കനി തിന്ന് പറുദീസയിൽ നിന്ന് ബഹിഷ്കൃതരായ ആദത്തിന്റെയും ഹവ്വയുടെയും ഭാവനാശൂന്യതയുടെ വിരസ ബാലസാഹിത്യ കഥയുടെ ആവർത്തനം മാത്രമാണത്".

ലെഗിയോണിന്റെ മനുഷ്യരൂപമാണ് അൽവാരിസ് എന്ന കഥാപാത്രം. പിശാചുക്കളുടെ അധിപനാണയാൾ. കടുത്ത മതവിശ്വാസിയായ, മതവിശ്വാസങ്ങളുടെ അടിമ തന്നെയായ അന്നംകുട്ടി താത്തിയാണ് ഇതിന്റെ മറുവശമായി നോവലിൽ ഉള്ളത്. ഇമ്മാനുവലിന്റെ പൈശാചിക ശക്തിയെപ്പറ്റി

ആലോചിച്ചും ഭാവന ചെയ്തും അവർ മരിച്ചു പോകുന്നു. മരിച്ചിട്ടും അവരുടെ ആത്മഗതങ്ങൾ മായികഭാവനയായി വരുന്നുണ്ട്. തന്റെ ഭർത്താവായ അച്ചമ്പിയുടെ കാപ്പിരിസേവ അവർക്ക് ഒരിക്കലും ഉൾക്കൊള്ളാനായില്ല. തന്റെ മക്കളെയെങ്കിലും ഈ പിശാചലോകത്ത് നിന്ന് രക്ഷപ്പെടുത്തണമെന്ന കരുതലാണ് സേവ്യറിനെ സെമിനാരിയിൽ അയച്ചു പഠിപ്പിക്കാനുള്ള കാരണം. എന്നാൽ ദൈവത്തെക്കാൾ ഒരുപടി മുന്നിൽ നിൽക്കുന്ന സാത്താന്റെ വിളയാട്ടം അവരുടെ പ്രതീക്ഷകൾ തെറ്റിക്കുന്നു. ഇമ്മാനുവലിന്റെ മാമോദീസയ്ക്ക് പള്ളിയിൽ വെച്ചുണ്ടാകുന്ന തടസ്സവും ദുർമരണവും പിശാചിന്റെ വിളയാട്ടങ്ങളായി അവർ കരുതുന്നു. വിശ്വാസങ്ങളും വിഭ്രമങ്ങളും ഭാവന ചെയ്യുന്ന താത്തിയുടെ മനോഘടനയുടെ തുടർച്ചയിൽ കാർമ്മലിയേയും കാണാവുന്നതാണ്. സെമിനാരിയിൽ പഠിച്ചിരുന്ന സേവ്യറിനെ വഴിതെറ്റിച്ചതിന്റെ കുറ്റബോധം ആജീവനാന്തം പേറുന്ന അവളും മായികമായ വിഭ്രാന്തികളിൽ ചെന്നുപെടുന്നുണ്ട്. അന്നംകുട്ടി താത്തിയിൽ ഉന്നതമായിരുന്ന മതബോധം അവളിലേക്കും സംക്രമിച്ച് സ്വന്തം മകനെ അവളും സാത്താന്റെ സന്തതിയായി കാണുന്നു. ദൈവത്തിന്റെ നിലനിൽപ്പിനായി സാത്താനെ ഏറ്റവും മികച്ച എതിരാളിയാക്കേണ്ടത് മതത്തിന്റെ തന്നെ ആവശ്യങ്ങളി ലൊന്നാണെന്ന് അവൾ പിന്നീട് തിരിച്ചറിയുന്നുണ്ട്. മതവിമർശനവും പുണ്യപാപങ്ങളുടെ വിചാരണയും ഈ നോവലിന്റെ അടിത്തട്ടിൽ രൂഢമൂലമാണ്.

ആഖ്യാനത്തിന്റെ കലയിൽ നോവൽ മൗലികമായി വേറിട്ടു നിൽക്കുന്നു. അന്നംകുട്ടി താത്തിയുടെ ആത്മഗതങ്ങൾ, കാർമ്മലിയുടെ കത്തുകൾ, പത്രലേഖകന്റെ അന്വേഷണങ്ങൾ, അൽവാരിസിന്റെ സാത്താന്റെ കൈപ്പുസ്തകത്തിലെ അധ്യായം, റോക്കിയച്ചന്റെ ഡയറി, ആത്മാവ് കാർമ്മലിയോട് നടത്തുന്ന സംഭാഷണം, സേവ്യറിന്റെ മുറിയിൽ അയാളുടെ

സാന്നിധ്യമനുഭവിച്ച എഴുത്തുകാരൻ നടത്തുന്ന അഭിമുഖം തുടങ്ങി ആഖ്യാനത്തിന്റെ ബഹുസ്വരമായ വഴികൾ നോവൽ സ്വീകരിക്കുന്നു. ക്രമരഹിതമായ ഈ കൂടിക്കലരലുകളും പലതരം വീക്ഷണങ്ങൾ നിറയുന്ന ആഖ്യാനവും നോവലിന്റെ സങ്കീർണ്ണ തയേറ്റുന്നു. മിത്തുകളും അന്ധവിശ്വാസങ്ങളും മതവും ഒന്നായി ചരിത്രത്തിൽ രൂപപ്പെടുത്തിയ ഇരുട്ടിന്റെ ലോകവും അതിനെ സമതുലനത്തിൽ നിർത്തുന്ന സാമാന്യ യുക്തിയുടെ ലോകവും നോവലിൽ ഇടകലർന്ന് വരുന്നുണ്ട്. മതം രൂപപ്പെടുത്തുന്ന അധോഭാവനയുടെ വെളിയിലാണ് സേവ്യർ എന്ന കഥാപാത്രം നിൽക്കുന്നത്. ഇമ്മാനുവലിനെ ലോകം മുഴുവൻ എതിർക്കുമ്പോഴും അയാൾ അവനെ ചേർത്തു പിടിക്കുന്നു. ഇമ്മാനുവലിനെ ഉയിർപ്പിക്കാൻ അയാൾ നടത്തുന്ന യാത്രകൾ ഇതിന്റെ തെളിവാണ്. ഇട്ടിക്കോരയിലേതു പോലെ ഇവിടെയും യാഥാർത്ഥ്യമേത്? ഭാവനയേത്? എന്ന് വേർതിരിച്ച അനുമാനിക്കാനാകാത്ത വിധത്തിൽ ആഖ്യാനം ഒരു ത്രിമാന ഘടനയിലേക്ക് പരിവർത്തനപ്പെടുന്നു. പി എഫ് മാത്യൂസിന്റെ ആഖ്യാനശൈലി മാന്ത്രികമായ ഉച്ചാടന ക്രിയയാണ്. ലോകമെമ്പാടുമുള്ള പിശാച/സാത്താൻ ആഖ്യാനങ്ങളിൽ നിന്ന് മാത്യൂസിന്റെ കലാസൃഷ്ടി വേറിടുന്നത് ആഖ്യാനകലയുടെ ഈ മൗലിക സൗന്ദര്യം മൂലമാണ്.

**മൂന്ന്**

മാത്യൂസിന്റെ തന്നെ പുതിയ നോവലായ അടിയാള പ്രേതം പുണ്യാളന്റെ തുടർച്ചയാണ്. പറയരുടെ ജീവിതമാണ് നോവൽ അവതരിപ്പിക്കുന്നത്. കൊളോണിയൽ ജാതിയടിമത്തം മുതൽ സമകാല ജാതിരാഷ്ട്രീയം വരെ ചരിത്രവത്ക്കരിക്കുന്ന അടിയാളപ്രേതം. പ്രാദേശിക

മിത്തുകളെയും ചരിത്രത്തെയും കീഴാള ഭാവനയുടെ അധോചരിതമായി പുനഃസൃഷ്ടിക്കുകയാണ് നോവലിസ്റ്റ്.

കുറ്റാന്വേഷണത്തിന്റെ ചട്ടക്കൂടാണ് അടിയാളപ്രേതം ആഖ്യാനത്തിൽ സ്വീകരിക്കുന്നത്. തീരദേശ കൊച്ചിയുടെ പൗരാണിക കൊളോണിയൽ മിത്തായ കാപ്പിരി മുത്തപ്പന്റെ അടിമചരിതം ഇവിടെയും തുടരുന്നു. സാന്തിയാഗോ അൽമേഡ സായ്‌വ് തന്റെ സ്വത്തെല്ലാം ബംഗ്ളാവിന്റെ നിലവറയിൽ കുഴിച്ചു മൂടി, അതിന് കാവലാക്കിയത് തന്റെ അടിമയും വിശ്വസ്തനുമായ കാപ്പിരിയെ കൊന്ന് കുഴിച്ചു മൂടിക്കൊണ്ടാണ്. പോർച്ചുഗീസ് ആധിപത്യം തകർന്ന് ഡച്ച് ആധിപത്യം ഉയിർക്കൊള്ളുന്ന സാമൂഹിക സാഹചര്യത്തിലാണ് കാപ്പിരി മുത്തപ്പന്റെ രൂപപ്പെടൽ. പിന്നീട് ആ ബംഗ്ളാവും സ്ഥലവും കൈമറിഞ്ഞു എത്തുന്നത് പാണ്ട്യാലക്കൽ സന്തമ്മാറുവെന്ന ധനികനിലേക്കായിരുന്നു. അയാളുടെ മകനാണ് അച്ചമ്പി മാപ്പിള. പറയരുടെ ആത്മീയ പുരോഹിതനായിരുന്ന കുഞ്ഞുമാക്കോതയും അച്ചമ്പിയും തമ്മിലുള്ള ബന്ധം അവിടെ തുടങ്ങുന്നു. അച്ചമ്പിയുടെ പിൽക്കാല തലമുറയുടെ കഥ ഇരുട്ടിൽ ഒരു പുണ്യാളനിൽ അവതരിപ്പിച്ച നോവലിസ്റ്റ് അടിയാളപ്രേതത്തിൽ എത്തുമ്പോൾ മകന്റെ ജഡവുമായുള്ള സേവ്യറിന്റെ യാത്രയിൽ സംഭവിക്കുന്ന മരണത്തിന്റെയും കുഞ്ഞു മാക്കോതയുടെയും കുടുംബത്തിന്റെയും തിരോധനത്തിലൂടെയും ആഖ്യാനം മുന്നോട്ടു കൊണ്ടുപോകുന്നു. കേസ് അന്വേഷിക്കാൻ എത്തുന്ന പൊലീസുകാരൻ ഉണ്ണിചെക്കന്റെ ദുരൂഹത നിറഞ്ഞ അന്വേഷണവും പറയനായ കറുപ്പന്റെ ഓർമ്മയിൽ തെളിയുന്ന കീഴാള വംശത്തിന്റെ കഥകളും നോവലിന്റെ ചരിത്ര നിർമ്മിതിക്ക് ആഴം കൂട്ടുന്നു. കാപ്പിരിയിലും അൽമേഡ സായിപ്പിലും ആരംഭിക്കുന്ന വംശീയാടിമത്തത്തിന്റെ പുതുകാല തുടർച്ചയാണ് അച്ചമ്പിയിലും കുഞ്ഞുമാക്കോതയിലും കാണാനാകുന്നത്. കൊളോണിയൽ-ഫ്യൂഡൽ-

ദേശീയത മുന്നോട്ടു വെച്ച മുഖ്യധാര, കീഴാള ജാതികളെ നിരന്തരമായ അടിമത്തത്തിലേക്കും അടിയാളത്തത്തിലേക്കും നയിച്ച വഴി നോവൽ തെളിയിക്കുന്നു. അടിമത്തത്തിന്റെ അധോചരിത്രത്തെ ബദലാക്കി നിർത്തി ചരിത്രത്തിന്റെ രൂപപ്പെടലിൽ ഒളിഞ്ഞിരിക്കുന്ന മേൽക്കോയ്മാ യുക്തികളെ വെളിപ്പെടുത്തുന്ന അടിയാളപ്രേതം. അനേകം കീഴാള ശരീരങ്ങളുടെ ചോരയിൽ കെട്ടിപ്പൊക്കിയതാണ് ഈ മണ്ണെന്ന് നോവൽ കാണിച്ചു തരുന്നു.

കാപ്പിരിമുത്തപ്പനിലും കുഞ്ഞുമാക്കോതയിലും കറുപ്പനിലും ഉണ്ണിചെക്കനിലും കൂടി തുടരുന്ന പാരമ്പര്യമാണ് നോവലിലെ അധോചരിത്രത്തെ നിർമ്മിക്കുന്നത്. കാപ്പിരി മുത്തപ്പന്റെ ചരിത്രം കാലങ്ങൾക്ക് ശേഷം വീണ്ടും ആവർത്തിക്കപ്പെടുന്നു. അച്ചമ്പിയുടെ ക്രൂരത ഇല്ലാതാക്കുന്നത് കുഞ്ഞു മാക്കോതയുടെ മുഴുവൻ കുടുംബത്തെത്തന്നെയാണ്. ഈ കൊലപാതകങ്ങൾ തെളിയിക്കാനെത്തുന്ന ഉണ്ണിചെക്കൻ പോലീസ് രേഖകളിലൊന്നുമില്ലാത്ത ഉദ്യോഗസ്ഥനാണ് എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. ഏതോ അതീത ലോകത്തു നിന്ന് വരികയും പോകുകയും ചെയ്യുന്ന അയാൾ അടിമകളുടെ പ്രതീകം തന്നെയാണ്. സേവ്യറിന്റെയും കുഞ്ഞുമാക്കോതയുടെയും കേസുകൾക്ക് അയാളാണ് നിർണ്ണായകമായ തെളിവുകൾ ഉണ്ടാക്കുന്നത്. ഉണ്ണിചെക്കന്റെയും കറുപ്പന്റെയും ആഖ്യാനങ്ങളിലൂടെ ജന്മിയായ കുഞ്ഞിരാമമേനോനും അയാളുടെ അനുജൻ കുഞ്ഞുണ്ണിയും പൊലീസുകാരനായ കുഞ്ഞവറാച്ചനുമടങ്ങുന്ന ഫ്യൂഡൽ അധികാരി വർഗ്ഗം പ്രതിസ്ഥാനത്തേക്ക് വരുന്നു. നൂറ്റാണ്ടുകൾ നീളുന്ന അടിയാളരുടെ സഹനചരിത്രമാകുന്നു ഈ അധോഭാവനയുടെ ജൈവികത. കറുപ്പന്റെ ഓർമ്മയിൽ തെളിയുന്ന പറയരുടെ വംശഗാഥകൾ നോവലിന്റെ ഏറ്റവും മൗലികമായ ആഖ്യാനമാകുന്നു. ജാതിയടിമത്തത്തിന്റെ ചോരപുരണ്ട കറുപ്പന്റെ ആഖ്യാനം ഇരുളിലാണ്ട് കിടക്കുന്ന കൊച്ചിയുടെ അധോചരിത്രം തന്നെയാണ്. പുണ്യാളനിലെപ്പോലെ

തന്നെ ചരിത്രവും മിത്തും യാഥാർത്ഥ്യവും ഭാവനയും കൂടിക്കലരുന്ന മാജിക്കൽ അന്തരീക്ഷ സൃഷ്ടി ഇവിടെയും തുടരുന്നു. ആഖ്യാനത്തിന്റെ പല താവഴികൾ, പഴം കഥകളുടെ ഇരുട്ടിലെങ്ങോ മറഞ്ഞ് കിടക്കുന്ന നഗ്ന സത്യങ്ങൾ, തങ്ങളുടെ അസ്തിത്വമന്വേഷിക്കുന്ന മനുഷ്യർ, മനുഷ്യർക്ക് തുല്യമെന്നുപോലെ കഥ പറയുന്ന ആത്മാക്കൾ, അവയ്ക്ക് പിറകെ അലയുന്ന ഉണ്ണിച്ചെക്കനെന്ന ദുരൂഹനായ അന്വേഷകൻ- പുണ്യാളനിൽ തെളിയാതെ കിടന്ന ഇടങ്ങൾ ഇവിടെ വെളിച്ചപ്പെടുന്നു. കൊളോണിയലിസവും ജാതി അടിമത്തവും കൂടി സൃഷ്ടിച്ച ചരിത്രത്തിന്റെ പീഢാനുഭവങ്ങൾ അടിയാള ശരീരങ്ങളെ ഇരുട്ടിലേക്കും ഓരങ്ങളിലേക്കും തള്ളിയതിന്റെ അധമചരിതം തന്നെയാണ് ഇവിടെ പൂരിപ്പിക്കപ്പെടുന്നത്. ജീവിതവും മരണവും കാമനകളും കൊലപാതകങ്ങളും ദുർമന്ത്രവാദങ്ങളും മാന്ത്രികമായി കോർക്കപ്പെട്ടിരിക്കുന്ന നോവൽ ശരീരം കീഴാള അധോചരിത്രത്തിന്റെ ഭാവലോകം തുറന്നിടുന്നു.

**ഉപസംഹാരം**

1. നോവൽ സാംസ്കാരികചരിത്രമാണെന്ന ധാരണ ബലപ്പെടുന്നത് ആധുനികാനന്തര നോവലുകളുടെ സന്ദർഭത്തിലാണ്.

2. ലോകനോവലിലെന്നതുപോലെ ആധുനികാനന്തര മലയാള നോവലിലും ചരിത്രത്തിന്റെ ജനപ്രിയവൽക്കരണം പ്രധാനപ്പെട്ട ആഖ്യാനപദ്ധതിയായി മാറുന്നു. ആഖ്യാനത്തിന്റെ വിവിധ രീതികളുമായി ഇവ ചേർന്നുനിൽക്കുകയും ചെയ്യുന്നു.

3. ചരിത്രത്തെ നോവലിൽ അവതരിപ്പിക്കുന്ന വ്യത്യസ്ത രീതിപദ്ധതികളന്നെ നിലയിലാണ് അധോചരിത്രങ്ങളേയും പ്രാദേശിക മിത്തുകളേയും എഴുത്തുകാർ രൂപപ്പെടുത്തുന്നത്.

4. ടി ഡി രാമകൃഷ്ണനും പി എഫ് മാത്യൂസും തങ്ങളുടെ നോവലുകളിൽ മുഖ്യമായി സ്വീകരിക്കുന്ന ആഖ്യാന പദ്ധതികളിലൊന്നാണിത്.

5. ഇട്ടിക്കോരയിൽ പടിയോലകൾ മുതൽ സൈബർ സാങ്കേതികത വരെ ഉപയോഗിച്ച് നിർമ്മിക്കുന്ന അധോചരിത്രം പതിനാലു മുതൽ ഇരുപത്തിയൊന്നാം നൂറ്റാണ്ടു വരെ സഞ്ചരിച്ചെത്തുന്ന വിപുലവും സമാന്തരവുമായ ബദൽ ലോകത്തെ ഭാവന ചെയ്യുന്നു.

6.ഇരുട്ടിൽ ഒരു പുണ്യാളനിലും അടിയാളപ്രേതത്തിലും പി എഫ് മാത്യൂസ് സൃഷ്ടിക്കുന്ന അതീതലോകം കീഴാള അധോഭാവനയുടെ ബദൽ ലോകക്രമം തന്നെയാണ്.

7. ആഗോളലോകത്തിനെതിരെ നിൽക്കുന്ന സമാന്തരവ്യവസ്ഥയാണ് ഇട്ടിക്കോരയിൽ രാമകൃഷ്ണൻ സൃഷ്ടിക്കുന്നതെങ്കിൽ, തീരദേശ കൊച്ചിയുടെ പ്രാദേശിക മിത്തിനെ കൊളോണിയൽ-ഫ്യൂഡൽ-ദേശീയ ചരിത്രത്തിന് ബദലായി നിർത്തുകയാണ് മാത്യൂസ് ചെയ്യുന്നത്.

**സഹായക ഗ്രന്ഥങ്ങൾ**

1.മാത്യൂസ് പി.എഫ്, 2015, ഇരുട്ടിൽ ഒരു പുണ്യാളൻ, ഡി സി ബുക്സ്, കോട്ടയം.

2. ..........................., 2019, അടിയാളപ്രേതം, ഗ്രീൻബുക്സ്, തൃശ്ശൂർ.

3.രാമകൃഷ്ണൻ ടി.ഡി, 2016, ഫ്രാൻസിസ് ഇട്ടിക്കോര, ഡി സി ബുക്സ്, കോട്ടയം.

4.വിജയകുമാർ. വി, 2019, പ്രതിബോധത്തിന്റെ അടയാളങ്ങൾ, ഐ ബുക്സ്, കോഴിക്കോട്.

5.ഷാജി ജേക്കബ്, 2003, നോവൽ:ചരിത്രത്തിന്റെ പാഠഭേദം, കറന്റ് ബുക്സ്, തൃശ്ശൂർ.

6. ........................., 2013, മലയാളനോവൽ: ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

7. ..........................., 2018, ആധുനികാനന്തര മലയാളനോവൽ: വിപണി, കല, പ്രത്യയശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

**ജേർണൽ**

1.രാജശേഖരൻ പി.കെ, 2013(മേയ്-ആഗസ്റ്റ്), പ്ലോട്ട്/പ്ലോട്ട്: ഇട്ടിക്കോരയുടെ ഉപജാപലോകങ്ങൾ, മലയാളം റിസർച്ച് ജേർണൽ, ബെഞ്ചമിൻ ബെയ്ലി ഫൗണ്ടേഷൻ, കോട്ടയം.

---

*ഗവേഷകൻ, മലയാളവിഭാഗം, കേരള സർവ്വകലാശാല*